പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 674**      **01.12.2015-ൽ മറുപടിയ്ക്ക്**

## പട്ടുവത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനം

**ചോദ്യം**
**ശ്രീ.റ്റി.വി.രാജേഷ്**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | കണ്ണൂർ ജില്ലയിൽ പട്ടുവത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവിടെ അടിസ്ഥാന സൗകര്യവികസനം ഏർപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? [redacted] | എ) | കണ്ണൂർ ജില്ലയിൽ പട്ടുവത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഹയർ സെക്കന്ററി ബ്ലോക്കിന്റെ റിപ്പയർ, ലൈബ്രറി ഹാൾ നിർമ്മാണം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നീ പ്രവർത്തകൾക്കായി 4,11,00,000/-രൂപയുടെ (നാലുകോടി പതിനൊന്നു ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ച് ടെണ്ടർ ഏറ്റെടുത്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. [redacted] ബ്ലോക്കിന്റെ നിലവിലുള്ള കെട്ടിടത്തിനുമുകളിൽ ഒന്നാം നില നിർമ്മാണ പ്രവർത്തികൾക്കായി 1,15,00,000/-രൂപയുടെ (ഒരു കോടി പതിനഞ്ച് ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ച് നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. കോൺക്രീറ്റ് ജോലികൾ പൂർത്തിയായി പ്ലാസ്റ്ററിംഗ് ജോലികൾ നടന്നു വരുന്നു. സ്കൂളിലേയ്ക്ക് ഒരു വാഹനം അനുവദിക്കുന്നതിനും, സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനും, കമ്പ്യൂട്ടർ ലാബിൽ എ.സി സ്ഥാപിക്കുന്നതിനും, അടുക്കള നവീകരിക്കുന്നതിനും വേണ്ടിയുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ